## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 228 — 09.03.2018-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | 1. ബി.ടെക് വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ കോച്ചിംഗ് പദ്ധതി<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി പദ്ധതി<br>3. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനുള്ള ധനസഹായം. |
| (ബി) | സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സെൻട്രൽ സ്കൂളിലോ ഉന്നത നിലവാരം പുലർത്തുന്ന മറ്റ് സ്കൂളുകളിലോ പ്രവേശനം നൽകി പഠിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. പ്ലസ്-റ്റു കഴിഞ്ഞ വിദ്യാർത്ഥികൾക്ക്, ദേശീയതലത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്നതിന് ക്രെസ്റ്റ് മുഖേന പരിശീലനം നൽകുന്നുണ്ട്. |
| (സി) | പട്ടികജാതി വിദ്യാർത്ഥികൾക്കായി നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവയുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (സി) | 1. പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം<br>2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്(100% CSS).<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്.<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>7. സ്റ്റെതസ്കോപ്പ് ധനസഹായം.<br>8. ലാപ്ടോപ് ധനസഹായം.<br>9. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രാരംഭ ചെലവ്<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം.<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br>12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | 13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>14. പ്രത്യേക പ്രോത്സാഹന സമ്മാനം.<br>15. ബുക്ക് ബാങ്ക് സ്കീം.(100% CSS).<br>16. മോഡൽ റസിഡൻഷ്യൽ സ്കൂൾ.<br>17. പ്രീമെട്രിക് ഹോസ്റ്റൽ.<br>18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ<br>19. ഐ.റ്റി.ഐകൾ.<br>20. പി.ഇ.റ്റി.സി.<br>21. ക്രെസ്റ്റ്.<br>22. നഴ്സറികൾ.<br>23. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി.<br>24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.<br>25. മെഡിക്കൽ കോളേജ് പാലക്കാട്.<br>26. ഇതര സംസ്ഥാനത്ത് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി<br>27. വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23/07/2016-ലെ സ.ഉ.(പി)നം.4/16/പജപവവിവ ഉത്തരവുപ്രകാരം പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിൽ 25% വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ